ശ്രീ. ആർ. ബാലകൃഷ്ണപിള്ള: കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്നു നടത്തുന്ന ഗവൺമെന്റുടമയിലുള്ള ഫാമുകളിൽ ലേബർ ഡിപ്പാർട്ടുമെന്റിൽനിന്ന് നോട്ടീസുകളയച്ചാൽ സംബന്ധിക്കാതിരിക്കുകയെന്നത് ഒരു സ്ഥിരം ഏർപ്പാടായി മാറിയിട്ടുണ്ട്. ഇതു മനസ്സിലാക്കി കൃഷി ഡിപ്പാർട്ടുമെന്റിൽനിന്നുള്ള ഉദ്യോഗസ്ഥൻമാരോ ഉത്തരവാദപ്പെട്ട ഫാം സൂപ്രണ്ടുമാരോ കൺസിലിയേഷൻ കോൺഫറൻസിൽ നിർബന്ധമായി സംബന്ധിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുമോ?

ശ്രീ. എം.കെ. രാഘവൻ: സ്ഥിരം ഏർപ്പാടുണ്ടോയെന്നറിവില്ല. എങ്കിൽത്തന്നെയും പലപ്പോഴും ഇത്തരം ഉദ്യോഗസ്ഥൻമാർ അവരുടെ protocol ഒക്കെ നോക്കി സംബന്ധിക്കാതിരിക്കുന്നുണ്ടെന്നുള്ള വസ്തുത മനസ്സിലാക്കി നിർബന്ധമായും ഇത്തരം കൺസിലിയേഷനിൽ സംബന്ധിക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ഖാദി ഗ്രാമ വ്യവസായബോർഡിന്റെ തൊഴിൽ ദാന പദ്ധതി

* 597 [637] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ഗ്രാമവ്യവസായബോർഡിന്റെ ലക്ഷ്യം പേർക്ക് തൊഴിൽ നൽകുന്ന പദ്ധതിക്ക് ഗവൺമെന്റ് അംഗീകാരം നൽകിയോ;

(ബി) ഈ പദ്ധതിയുടെ വിശദവിവരങ്ങൾ പറയാമോ;

(സി) ''ഓരോ പഞ്ചായത്തിലും ഓരോ പദ്ധതി'' എന്ന തത്വം നടപ്പാക്കണമെന്ന് ഖാദി ബോർഡിന് ഗവൺമെന്റിൽനിന്ന് നിർദ്ദേശം നൽകുമോ?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) നൽകി.

(ബി) 1978.79.ൽ ആരംഭിച്ച് മൂന്നുകൊല്ലക്കാലംകൊണ്ട് ഓരോ പഞ്ചായത്തിലും നൂറുപേർക്കു വീതം വിവിധ ഖാദി ഗ്രാമവ്യവസായങ്ങൾവഴി ഒരു ലക്ഷം പേർക്ക് തൊഴിൽ നൽകുന്നതിനുള്ള ഒരു പദ്ധതിയാണിത്.

(സി) ഖാദി ഗ്രാമവ്യവസായങ്ങൾ മുഖേന ഓരോ പഞ്ചായത്തിലും നൂറുപേർക്കുവീതം തൊഴിൽ നൽകുവാൻ പദ്ധതി വിഭാവനം ചെയ്യുന്നതുകൊണ്ട് പ്രത്യേകം നിർദ്ദേശം ആവശ്യമില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ: ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിൽ ലക്ഷക്കണക്കിന് ഉറുപ്പിക ചെലവുചെയ്ത് പുതുക്കാട് പഞ്ചായത്തിൽ പണികഴിപ്പിച്ചിട്ടുള്ള ചെങ്ങന്നൂർ പേപ്പർമില്ലിന്റെ പ്രവർത്തനം ഇലക്ട്രിസിറ്റി കണക്ഷൻ ഇല്ലാത്തതുകൊണ്ടുമാത്രം ആരംഭിക്കാതിരിക്കുന്നു എന്നുള്ളതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ പേപ്പർ മില്ലിൽ എത്രയും വേഗം ഇലക്ട്രിസിറ്റി കണക്ഷൻ കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: അതേപ്പറ്റി അറിവില്ല. പ്രത്യേകം ചോദ്യം ചോദിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: കേന്ദ്രവ്യവസായവകുപ്പു മന്ത്രി ശ്രീ. ജോർജ്ജ് ഫർണാണ്ടസ് തിരുവനന്തപുരത്തു നടത്തിയ ഒരു പത്ര സമ്മേളനത്തിൽ ഖാദി ഗ്രാമവ്യവസായ ബോർഡിൽക്കൂടി എത്രകോടി രൂപ വേണമെങ്കിലും ധനസഹായം നൽകി തൊഴിൽ കണ്ടുപിടിക്കാനുള്ള ഏർപ്പാടുകൾ നൽകിയിട്ടുണ്ടെന്നു പ്രസ്താവിച്ചു. ഒരു കോടി രൂപ അനുവദിച്ചതായും പത്രങ്ങളിൽ വാർത്ത വന്നു. അതിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എന്തു ലഭിച്ചു. എന്തു ചെലവാക്കി, എത്ര ആളുകൾക്ക് ജോലി കൊടുത്തു എന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: ഖാദി ഗ്രാമ വ്യവസായ പ്രവർത്തനങ്ങൾക്ക് എത്ര സഹായം വേണമെങ്കിലും നൽകാൻ ഗവൺമെൻറ് തയ്യാറാണെന്ന്, ബഹുമാനപ്പെട്ട കേന്ദ്രവ്യവസായമന്ത്രി പറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ഇവിടെ ചോദിച്ചിട്ടുള്ള ഈ സ്കീം 2674 ലക്ഷം രൂപയുടെ ഒരു സ്കീമാണ്. ആ സ്കീം അനുസരിച്ച് ഖാദി കമ്മീഷൻ തരുന്നത് 1689 ലക്ഷം രൂപയാണ്. കേരള സർക്കാർ 432 ലക്ഷം രൂപ അവർക്കു കൊടുക്കണം. ദേശസാൽക്കൃത ബാങ്കുകൾ 553 ലക്ഷം രൂപ. ഇങ്ങനെ 2674 ലക്ഷം രൂപയുടെ ഈ സ്കീം നടപ്പിലാക്കുന്നതിനുള്ള അംഗീകാരം ഖാദി കമ്മീഷനു കിട്ടിയത് കഴിഞ്ഞ ഡിസംബർ അവസാനമാണ്. അതും ഒരു വർഷത്തേക്കാണ് കിട്ടിയത്. അതുകൊണ്ടാണ് വാസ്തവത്തിൽ അതിന്റെ പ്രവർത്തനത്തിന് താമസം വരുന്നത്. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചതുപോലെ അവസാന വർഷം കേന്ദ്രഗവൺമെൻറ് ഈ പദ്ധതിക്ക് 19.60 ലക്ഷം രൂപ ഇതിനകം നൽകിയിട്ടുണ്ട്. അതിന്റെ ഫലമായിട്ട് ഏതാനും ഷെഡ്ഡുകളും ഗോഡൗണുകളും നിർമ്മിക്കാനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് എന്നീ അഞ്ചു ജില്ലകളിലായി ബോർഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 25 ഖാദി ഉൽപ്പാദന കേന്ദ്രങ്ങളുണ്ട്. ഗ്രാമ വ്യവസായങ്ങൾക്ക് കമ്മീഷനിൽനിന്നും കിട്ടിയിട്ടുള്ള തുകയുടെ കണക്ക് ഇപ്പോൾ കൃത്യമായി എന്റെ കയ്യിൽ ഇല്ല.

ശ്രീ. പി.ആർ. ഫ്രാൻസിസ്: ഈ അടുത്തകാലത്ത് ഖാദി ഗ്രാമവ്യവസായത്തെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ടു സമർപ്പിക്കുന്നതിനുവേണ്ടി ഒരു കമ്മീഷനെ നിയമിച്ചിരുന്നു. ആ കമ്മീഷന്റെ റിപ്പോർട്ട് നടപ്പിൽ വരുത്താൻ ദയവുണ്ടാകുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: റിപ്പോർട്ട് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. പി. എസ് തോസ്: ഗവൺമെൻറിന്റെ പരിപാടികളെല്ലാം നഷ്ടമാണല്ലോ. ലക്ഷം വീട്, ലക്ഷംപേർക്കു തൊഴിൽ, അതുപോലെ ഇതും ലക്ഷമാണ്. ഓരോ പഞ്ചായത്തിലും അല്ലെങ്കിൽ ഒരു ജില്ലയിൽ ഇത്ര എണ്ണം ആദ്യം തുടങ്ങി, ഇത്ര സ്കീം ഇത്ര പഞ്ചായത്തിൽ തുടങ്ങിയിട്ടുണ്ട്, ഇന്നിന്നവയാണ് അവയുടെ സ്വാദ്ധ്യതകളും അവയുടെ സ്വഭാവവും ഇതൊക്കെയൊന്നു വിശദമാക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: ലക്ഷങ്ങളോട് വലിയ വിരോധത്തിന്റെ കാര്യമുണ്ടെന്നു തോന്നുന്നില്ല. ഇത് ലക്ഷംപേർക്കു തൊഴിൽ കൊടുക്കാനുള്ള പദ്ധതിയായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. ഒരു പഞ്ചായത്തിൽ 100 പേർക്കു തൊഴിൽ കിട്ടത്തക്കവിധത്തിലാണ് അതിന്റെ സ്കീം അതിൽ എത്ര തുടങ്ങി എത്ര പ്രവർത്തിച്ചു എന്നു ശരിയായി

LIBRARY ARCHIVES Kerala Legislative Assembly

പറയണമെങ്കിൽ സ്കീം നടപ്പാക്കിത്തുടങ്ങണം. ഇതിനകം നടപ്പാക്കിയിട്ടുള്ളതിന്റെ പൂർണ്ണരൂപത്തിലുള്ള വിവരം പറയാൻ കഴിയുകയില്ല.

ശ്രീ. കെ. സുകുമാരനുണ്ണി: കേരളത്തിൽ ഖാദി വികസന ബോർഡിന്റെ കീഴിൽ പട്ടുനൂൽ വ്യവസായം പരിഷ്കരിക്കാനാവശ്യമുള്ള സംവിധാനം, ഇപ്പോഴുണ്ടോ; എന്റെ നിയോജകമണ്ഡലത്തിൽ അഞ്ചാറുപേർ പതിനായിരക്കണക്കിനുറുപ്പിക ചെലവഴിച്ച് ഖാദി ബോർഡിനോട് അപേക്ഷിച്ചു, വ്യവസായ ഡിപ്പാർട്ടുമെന്റിനോടപേക്ഷിച്ചു, കൃഷി ഡിപ്പാർട്ടുമെന്റിനോടപേക്ഷിച്ചു. ഇവർക്കാർക്കും ഉത്തരവാദിത്വമില്ലാതെ അപേക്ഷിച്ചവർ നിരാശരായി കഴിയുകയാണ്. ഖാദിഗ്രാമവ്യവസായ ബോർഡിൽ പട്ടുനൂൽ വ്യവസായവും കൂടി ഏർപ്പെടുത്താനുള്ള സൗകര്യം ചെയ്തു കൊടുക്കുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: പരിശോധിക്കാം.

ശ്രീ. കെ.പി. വിശ്വനാഥൻ: സംസ്ഥാന ഖാദി ബോർഡിന്റെയും ഇതരസംഘടനകളുടെയും കീഴിൽ നടക്കുന്ന വളരെയധികം ഖാദിഗ്രാമവ്യവസായസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് വളരെ കുറഞ്ഞകൂലി മാത്രമേ ലഭിക്കുന്നുള്ളു എന്നുള്ളതു മനസ്സിലാക്കിക്കൊണ്ട് ഈ കൂലി ഒന്നു പുതുക്കി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: ഈ സ്കീം നടപ്പിലായാൽ കൂടുതൽ കൂലി കിട്ടുമെന്നാണ് കരുതുന്നത്. പരിഷ്കൃതരൂപത്തിലുള്ള ചർക്കയും പരിഷ്കൃതരൂപത്തിലുള്ള നൂൽ നെയ്ത്തും വരുമ്പോഴും കൂടുതൽ ജോലി ചെയ്യാൻ സാധിക്കുകയും അങ്ങനെ കൂടുതൽ കൂലി കിട്ടാൻ സാധ്യതയുണ്ടാകുകയും ചെയ്യും.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: ഈ സ്കീം നടപ്പാക്കുന്നത് ഓരോ പഞ്ചായത്തിലും ബോർഡു നേരിട്ടാണോ, അതോ പഞ്ചായത്തിൽ നിന്നും അപേക്ഷ ക്ഷണിച്ച് പഞ്ചായത്തുകളുടെ വിഹിതവും അടച്ചിട്ടാണോ? അതോ ഏതെങ്കിലും വിധത്തിലുള്ള സൊസൈറ്റികൾ സംഘടിപ്പിച്ച ആ രൂപത്തിൽ അവരുടെ അപേക്ഷപ്രകാരമാണോ, എങ്ങനെയാണ് ഈ സ്കീം പ്രായോഗികമാക്കുന്നത്?

ശ്രീ. പി.എസ്. ശ്രീനിവാസൻ: സൊസൈറ്റികൾ സംഘടിപ്പിച്ചിട്ടാണ് സാധാരണഗതിയിൽ ഇതു നടപ്പാക്കുന്നത്. അല്ലാതെ വ്യക്തികൾതന്നെ മുന്നോട്ടുവന്നാൽ നടപ്പാക്കാനുള്ള സ്കീമും ഇതിലുണ്ട്.

ശ്രീ. കെ.സി. വാമദേവൻ: ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1300-ൽ പരം സൊസൈറ്റികളിൽ 865 സൊസൈറ്റികളുടെയും പ്രവർത്തനം കാര്യക്ഷമമല്ലെന്നും കാര്യക്ഷമമായി നടത്താൻതക്ക സ്റ്റാഫില്ലെന്നും സ്റ്റാഫിനെ കൂടുതൽ നിയമിക്കാൻ ഗവൺമെന്റാണ് തടസ്സമായി നിൽക്കുന്നത് എന്നും കേൾക്കുന്നതു ശരിയാണോ; ബോർഡ് അങ്ങനെ ഒരു ശുപാർശ സമർപ്പിച്ചിട്ടുണ്ടോ; അതു ഗവൺമെന്റു നിരസിച്ചിട്ടുണ്ടോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: സൊസൈറ്റികളിൽ കുറെ എണ്ണം പ്രവർത്തനരഹിതമാണെന്നുള്ളതു ശരിയാണ്. ഏതാണ്ട് 739 ഓളം സൊസൈറ്റികൾ പ്രവർത്തനരഹിതമാണ്. ശരിക്കു പ്രവർത്തിക്കാത്തതോ മോശമായ നിലയിൽ പ്രവർത്തിക്കുന്നതോ ആണ്. അതു നന്നാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഉദ്യോഗസ്ഥൻമാർ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടത്രയില്ലെന്നുള്ള് ഖാദിബോർഡിന്റെ ഒരു പരാതിയുണ്ട്. അവരുടെ ഒരു വലിയ ലിസ്റ്റും സമർപ്പിച്ചിട്ടുണ്ട്. ആ ലിസ്റ്റ് പരിശോധിച്ച് ഇപ്പോൾ അത്യാവശ്യമാണെന്നു തോന്നുന്നിടത്തോളം ഉദ്യോഗസ്ഥൻമാർക്കുള്ള അനുവാദം കൊടുത്തു കഴിഞ്ഞു.

ശ്രീ. എൻ.കെ. ബാലകൃഷ്ണൻ: ആവശ്യമായ പ്രവർത്തനമൂലധനമില്ലാത്തതിന്റെ ഫലമായിട്ടും അസംസ്കൃതസാധനങ്ങൾ ലഭിക്കാത്തതിന്റെ ഫലമായിട്ടും ആവശ്യമായിട്ടുള്ള സാങ്കേതികോപദേശം നൽകാനുള്ള സൗകര്യമില്ലാത്തതിന്റെ ഫലമായിട്ടും ആണ് ഖാദിവ്യവസായ സഹകരണസ്ഥാപനങ്ങളിൽ പലതും നശിച്ചുപോയിട്ടുള്ളത് എന്നുള്ളതു പരിഗണിച്ച് അതിനാവശ്യമായ മൂലധനവും തുടർന്നുള്ള ഫോളോ അപ് ആക്ഷനും ഉണ്ടാകാനുള്ള നടപടി ഗവൺമെൻറു സ്വീകരിക്കുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: ഈ സ്കീമിൽ അതിനു വ്യവസ്ഥകളുണ്ട്. എന്നുമാത്രമല്ല ഇപ്പോഴില്ലാത്ത നല്ലതരം പഞ്ഞി ഉൽപ്പാദിപ്പിക്കാനുള്ള സ്കീമും ഇതിനകത്തുണ്ട്. അതുപോലെതന്നെ പുതിയ ചർക്ക ഉണ്ടാക്കാനുള്ള ഏർപ്പാടുണ്ട്. ഇപ്പോൾ ചർക്ക വരുത്തുകയാണ്. അതിനു പകരം ആധുനിക രൂപത്തിലുള്ള ചർക്കകൾ ഉണ്ടാക്കാനുള്ള പ്രത്യേക കേന്ദ്രങ്ങൾ ഇതുപോലുള്ള പല ഏർപ്പാടുകളും ഈ സ്കീമിൽ ഉൾപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ.പി. നൂറുദ്ദീൻ: മൂന്നുകൊല്ലംകൊണ്ട് കേരളത്തിലെ ആയിരത്തിൽപ്പരം പഞ്ചായത്തുകളിൽ ഓരോ യൂണിറ്റുവീതം സ്ഥാപിച്ച് ഒരു ലക്ഷം പേർക്കു തൊഴിൽ കൊടുക്കാനാണ് ഈ പദ്ധതിയെന്നു പറയുകയുണ്ടായി. ഈ കഴിഞ്ഞ കാലത്ത് എത്ര പഞ്ചായത്തുകളിലായി എത്ര യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ യൂണിറ്റുകൾ ആരംഭിച്ചു പ്രവർത്തനമാരംഭിക്കുന്നതിന് പ്രതിബന്ധമായി നിൽക്കുന്നത് സാമ്പത്തികമാണോ, അതോ മറ്റു കാരണങ്ങളാണോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: ഈ സ്കീം അനുസരിച്ചുള്ള പ്രവർത്തനം നടത്തി വരുന്നതേയുള്ളു. അതുകൊണ്ട് കൃത്യമായി പറയാൻ ബുദ്ധിമുട്ടാണ്. മറ്റുള്ളതിനു കണക്കു പരിശോധിക്കണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: കഴിഞ്ഞകാലത്ത് എഴുനൂറിൽ ചിലപ്പോൾ സൊസൈറ്റികൾ പ്രവർത്തനരഹിതമായിരുന്നു എന്നു പറയുകയുണ്ടായി. ഇവർക്ക് റീസണബിളായിട്ടുള്ള വേതനം കൊടുത്തതിനു ശേഷം ഇവർ ഉണ്ടാക്കുന്ന സാധനങ്ങൾ കമ്പോളത്തിൽ വിറ്റഴിക്കാൻ സാധിക്കുന്നുണ്ടോ? ഇല്ലെങ്കിൽ അത്തരത്തിലുള്ള സ്കീം ഉണ്ടാക്കി നടപ്പിലാക്കാൻ തയ്യാറാകുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: ആ പ്രയാസമൊന്നും തോന്നുന്നില്ല. കാരണം രണ്ടുകോടിയിൽപരം രൂപയുടെ ഖാദി ഇവിടെതന്നെ വിറ്റഴിക്കുന്നുണ്ട്. 50 ലക്ഷത്തോളം ഖാദി പുറത്തുനിന്നും വാങ്ങുന്നുണ്ട്. 50 ലക്ഷംരൂപയുടെ ഖാദി നാം പുറത്തേക്ക് അയക്കുന്നുണ്ട്. അതുകൊണ്ട് ഇപ്പോൾ കെട്ടിക്കിടപ്പോ, ചെലവാകാതിരിക്കുന്നതോ ആയ പ്രശ്നമില്ല. കുറച്ചു നല്ല നിലയിലുള്ള ഡിസൈൻ, കളർ ഇതെല്ലാം കൊടുത്ത് ആകർഷകമായ രീതിയിൽ ഖാദി ഉൽപ്പാദിപ്പിച്ചാൽ കൂടുതൽ മാർക്കറ്റ് ഉണ്ടാകുമെന്നു കരുതുകയാണ്. 6 കോടി രൂപയുടെ ഖാദി ഉണ്ടാക്കാനും ചെലവാക്കാനും കഴിയുമെന്നാണ് വിചാരിക്കുന്നത്. അതുപോലെ തന്നെ തേൻ, തീപ്പെട്ടി മുതലായ ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്ന പല സാധനങ്ങളും മാർക്കറ്റിൽ ചെലവാകാതിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതിയില്ല. അതുകൊണ്ട് ഇതിൽ പറഞ്ഞിരിക്കുന്ന സാധനങ്ങൾ ഉണ്ടാക്കിയാൽ ചെലവാകുകയില്ല, മാർക്കറ്റുണ്ടാകുകയില്ല എന്ന ഭീതി ആവശ്യമില്ല.

ശ്രീ. കെ.ജെ. ചാക്കോ: ഖാദിബോർഡിന്റെ കീഴിൽ ഇന്നു നടക്കുന്നു എന്നു പറയുന്ന മരച്ചക്കിലെ എണ്ണയാട്ട്, കൈകൊണ്ടുള്ള പേപ്പർ നിർമ്മാണം, തേനീച്ച പിടിത്തം മുതലായ ജോലികൾ ശരിയായി നടക്കുന്നില്ലെന്നും ഇതെല്ലാം കടലാസിൽ മാത്രമേ നടക്കുന്നുള്ളു എന്നുള്ളതും മനസ്സിലാക്കി യഥാർത്ഥത്തിൽ ജോലി കൊടുക്കുകയെന്നുള്ള ഉദ്ദേശമാണ് ഗവൺമെന്റിനുള്ളതെങ്കിൽ അതിനു പ്രത്യേക സ്കീം ഉണ്ടാക്കി അതു നടപ്പാക്കാൻ തയ്യാറാകുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: സൊസൈറ്റികൾ ചിലത് പ്രവർത്തനരഹിതമാണെന്നും നന്നായി നടക്കുന്നില്ലെന്നും ഉള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതു പ്രവർത്തനക്ഷമമാക്കാനുള്ള നടപടിയാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. തേനീച്ച വളർത്തൽ നല്ല ഒരു സ്കീമാണ്. ഏറ്റവും നല്ല സ്കീം ആണ്. അതുകൊണ്ട് അതിനെ ആക്ഷേപിച്ചു തള്ളരുത്. ഇതിൽ പറയുന്ന സ്കീമുകൾ എല്ലാംതന്നെ നമ്മുടെ രാജ്യത്ത് ആവശ്യമാണ്. വികസിത രാജ്യങ്ങളിൽ ആവശ്യമില്ല. അവികസിത രാജ്യങ്ങളിൽ കൂടുതൽ തൊഴിൽ രഹിതരുള്ള നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ ഇത് പ്രയോജനകരമായ സ്കീമാണ്. അതുകൊണ്ട് ഇതിനുമുമ്പ് ഒരിക്കലും ഉണ്ടാകാത്ത വിധത്തിൽ ഒരു കോടി രൂപ ഇതിനുവേണ്ടി നാം പ്ലാനിലും പ്ലാനിൽ പെടുത്താതെയും പെടുത്തിയിട്ടുണ്ട്. എല്ലാവരുംകൂടി പരിശ്രമിച്ചാൽ ഇത് പ്രയോജനകരമായി നടപ്പാക്കാൻ കഴിയുമെന്നാണ് വിചാരിക്കുന്നത്.

ഗവൺമെന്റ് പ്ലീഡർമാരുടെ നിയമന കാലാവധി

* 598 [638] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി:
,, എൻ.ഐ. ദേവസ്സിക്കുട്ടി:
,, ഇ. നാരായണൻ നായർ:
,, വി. ഈച്ചരൻ:
,, സേവ്യർ അറയ്ക്കൽ:
,, എ.എ. റഹീം:
,, തെന്നല ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്ലീഡർമാരുടെ നിയമന കാലാവധി പൂർത്തിയായോ;

(ബി) എങ്കിൽ എവിടെയെല്ലാം;

(സി) ഈ ഒഴിവുകളിൽ നിയമനങ്ങൾ നടത്തുവാൻ താമസിക്കുന്നത് എന്തുകൊണ്ടാണ്;

(ഡി) തിരുവനന്തപുരത്ത് എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്;

(ഇ) ഇതിലേക്ക് യോഗ്യതയുള്ള അഭിഭാഷകരുടെ ലിസ്റ്റ് ജില്ലാ കളക്ടർ ഗവൺമെന്റിലേക്ക് അയച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly